പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2014 — 05.10.2016-ൽ മറുപടിക്ക്

## അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക മിനിമം വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിക്കുന്ന പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; ഇത് എന്നത്തേക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ) പുതുതായി മിനിമം വേതന ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള മിഡ്ഡേ മീൽ പ്രോഗ്രാം ഇൻ സ്കൂൾസ് ഉൾപ്പടെ 75 മേഖലകളിലാണ് സംസ്ഥാനത്ത് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളത്. കൂടാതെ പുതിയതായി മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഫുട്‌വെയർ മാനുഫാക്ചറിംഗ്, പേപ്പർ ഇൻഡസ്ട്രി, ഫോട്ടോഗ്രാഫി ആന്റ് വീഡിയോഗ്രാഫി, പ്രൈവറ്റ് ഫൈനാൻസ് ഇൻസ്റ്റിറ്റ്യൂഷൻസ് എന്നി മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുന്നതിനായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പുതിയതായി മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ കേബിൾ ടി.വി. മേഖലയിൽ മിനിമം വേതനം നിശ്ചയിക്കുന്നതിന് നടപടികൾ നടന്നു വരുന്നു. മിനിമം വേതനം പുതുക്കി നിശ്ചയിക്കേണ്ട തൊഴിൽ മേഖലകളിൽ ആയത് പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ തീരുമാനമെടുക്കുകയും അതനുസരിച്ച് ലേബർ കമ്മീഷണറേയും മിനിമം വേതന ഉപദേശക സമിതിയേയും ചുമതലപ്പെടുത്തുകയും മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് സബ് കമ്മിറ്റികൾ രൂപീകരിച്ച് മിനിമം വേതനം ഉപദേശക സമിതി കർമ്മപദ്ധതി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി 08/10/2014-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 119/2014 പ്രകാരവും 25/06/2015-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 73/2015 പ്രകാരവും സബ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം 12/08/2016-ലെ704295/ഇ1/ |

2016/തൊഴിൽ നമ്പർ കത്ത് പ്രകാരം 22 തൊഴിൽ മേഖലകളിലെ കൂലി പുതുക്കി നിശ്ചയിക്കുന്നതിനുകൂടി മിനിമം വേതന ഉപദേശക സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽ പറഞ്ഞ നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി സംസ്ഥാനത്തെ 14 മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. 14 മേഖലകളിൽ പുതുക്കി നിശ്ചയിക്കുന്നതിന്റെ ഭാഗമായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. അപ്രകാരം 3 വർഷം പൂർത്തിയായ എല്ലാ മേഖലകളിലും മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു

സെക്ഷൻ ഓഫീസർ